## File No.FWLD-B1/48/2020-FWLD

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.2380**

**12.03.2020** -ൽ മറുപടിയ്ക്ക്

## വനവിഭവങ്ങളുടെ ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനവിഭവങ്ങളുടെ ചൂഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) വനവിഭവങ്ങളുടെ ചൂഷണം തടയുന്നതിനായി ദൈനംദിന ഫീൽഡ് പരിശോധന, വനമേഖലയിൽ രാത്രികാല പിരശോധനകൾ എന്നിവ നടത്താറുണ്ട്. തടി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ ചൂഷണം ചെയ്യുന്നവർക്കെതിരെ വനസംരക്ഷണ നിയമ പ്രകാരം കേസ് ചാർജ്ജ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വനവിഭവങ്ങളുടെ അനധികൃത കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. വനവിഭവ ചൂഷണ സാദ്ധ്യതയുള്ള വനഭാഗങ്ങളിൽ പ്രൊട്ടക്ഷൻ ക്യാമ്പുകളും, ആന്റിപോച്ചിംഗ് ക്യാമ്പുകളും സ്ഥാപിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വരുന്നുണ്ട്. കഴിഞ്ഞ ഒരു വർഷമായി ഇന്റീരിയർ ഏരിയ പെരാമ്പുലേഷൻ പ്ലാനുകൾ ഡിവിഷൻ തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) 2019 ജനുവരി 1 മുതൽ ഡിസംബർ 31 - വരെ വനവിഭവങ്ങളുടെ ചൂഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) 2019 ജനുവരി 1 മുതൽ ഡിസംബർ 31 - വരെയുള്ള കാലയളവിൽ വനവിഭവങ്ങളുടെ ചൂഷണവുമായി ബന്ധപ്പെട്ട് 296 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ